# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2154 10.10.2011 - ൽ മറുപടിക്ക്

### വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിവരുന്ന സ്ഥാപനശാക്തീകരണ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിവരുന്ന സ്ഥാപന ശാക്തീകരണ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; | (എ) കേരള വാട്ടർ അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടിക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ, ധനകാര്യസുസ്ഥിരത എന്നീ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലയേൽപ്പിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ താഴെപറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ പദ്ധതികളും ഈ 14 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.<br>2. ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്ക്കരിച്ച വെബ്സൈറ്റ് തുറന്നു. |

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.
5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.
6. അറ്റകുറ്റ പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.
7. വാട്ടർ അതോറിറ്റിയുടെ ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാൻ കേരളം റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററുമായി ധാരണയാവുകയും അതിന്റെ പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു.
8. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി ഏറ്റെടുത്തു. കോഴിക്കോട്ടുള്ള എൻ.ഐ.ടി യുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട പത്തംഗ വർക്കിംഗ് കമ്മിറ്റിയാണ് ഇക്കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ബ്ലൂ ബ്രിഗേഡ്, ഹെൽപ്പ് ഡെസ്ക് സംവിധാനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ നടപടി കൈക്കൊള്ളുമോ ; | (ബി) | സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുള്ള ബ്ലൂബ്രിഗേഡ്, ഹെൽപ്പ് ഡെസ്ക്ക് സംവിധാനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പാക്കേണ്ട നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡ് നൽകിയിട്ടുണ്ട്. |
| (സി) | വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്ന അസറ്റ്മാനേജ്മെന്റ്, എനർജി മാനേജ്മെന്റ് നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ; | (സി) | വാട്ടർ അതോറിറ്റിയുടെ ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാൻ കേരളാ റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററുമായി ധാരണയാവുകയും അതിന്റെ പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു.<br>കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി ഏറ്റെടുത്തു. കോഴിക്കോട്ടുള്ള എൻ.ഐ.ടി യുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട പത്തംഗ വർക്കിംഗ് കമ്മിറ്റിയാണ് ഇക്കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. |
| (ഡി) | കേരള വാട്ടർ അതോറിറ്റിക്ക് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സബ് സെക്ഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

---

സെക്ഷൻ ഓഫീസർ